ജീവനക്കാർ തന്നെ കൂടുതലാണെന്നുള്ളതു കൊണ്ടാണ് പി.എസ്.സി.യുടെ ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കാൻ കഴിയാതെ വന്നിരിക്കുന്നത്. എംപ്ലോയ്മെന്റിൽനിന്നും നിയമിച്ച ജീവനക്കാരെ പിരിച്ചുവിടണമെന്നു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചു പരിശോധിക്കുന്നതാണ്.

(3) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പൂഴിക്കടവുപാലം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കൊല്ലം—കൊട്ടാരക്കര താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൂഴിക്കടവ് പാലത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട്, ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ 5 വർഷമായി നിരന്തരമായി ഞാൻ ഈ ആവശ്യം സഭയിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽത്തന്നെ ഈ പാലത്തിന്റെ പണിപൂർത്തിയാക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഇതൊരു റിസർവേഷൻ മണ്ഡലമായതുകൊണ്ടാണ് അങ്ങയുടെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ അവഗണനയും നിഷേധവും ഉള്ളതെന്നാണ് എന്റെ ബലമായ സംശയം. അങ്ങയ്ക്കുതന്നെ നേരിട്ടറിയാവുന്ന കാര്യമാണ്. ഈ പാലത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം. ഇതുവരെയായി 5 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും 8 ലക്ഷത്തിൽപ്പരം ചെലവാക്കണം. അടുത്ത ബഡ്ജറ്റ് പാസാക്കുന്നതോടുകൂടിത്തന്നെ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

(4) കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ആൻഡ് കെമിക്കൽസിൽനിന്നുയരുന്ന അന്തരീക്ഷ മലിനീകരണ ഭീഷണി

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ബ്ലാക്ക് എന്ന കമ്പനി കരിമുകം എന്ന പേര് ആ പ്രദേശത്തിന് അന്വർത്ഥമാക്കിയിരിക്കുകയാണ്. കരിമുകം ആകെ കരി കൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടത്തെ വീടുകളും കടകളും വീട്ടുപകരണങ്ങളും മനുഷ്യരുടെ വസ്ത്രങ്ങളും ആകെത്തന്നെ കരി കൊണ്ടുമൂടപ്പെട്ടിരിക്കുകയാണ്. മാത്രമല്ല അവിടെനിന്നും വരുന്ന ദുർഗന്ധം സഹിക്കവയ്യ. അവിടെനിന്നും വരുന്ന മലിന വായു ശ്വസിച്ച് മനുഷ്യർ നിത്യരോഗികളായിത്തീർന്നിരിക്കുന്നു. അവിടെ മനുഷ്യജീവിതം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. ഇത്രയേറെ യാതന അനുഭവിക്കുന്ന വിഭാഗം ആളുകൾ മറ്റ് എവിടെയെങ്കിലും ഉണ്ടാകുമോയെന്ന് എനിക്ക് സംശയമാണ്. വളരെ നാളുകളായി കമ്പനി അവിടെ പ്രവർത്തനം തുടങ്ങിയിട്ട്. ഞാൻ തന്നെ ഈ സഭയുടെ ശ്രദ്ധയിൽ രണ്ടുപ്രാവശ്യം ഈ കാര്യം കൊണ്ടുവന്നിട്ടുണ്ട്. പല നിവേദനങ്ങളും ഞാൻ തന്നെ നടത്തിയിട്ടുണ്ട്. ഇതിന്റെപേരിൽ ജനങ്ങൾ അവിടെ പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. പ്രക്ഷോഭണം നടത്തിയ ജനങ്ങൾക്ക് പോലീസിന്റെ അടിമാത്രമാണ് ലഭിച്ചത്. വേറെ യാതൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇതുവരെ യാതൊരു നിയന്ത്രണ നടപടിയും എടുത്തിട്ടില്ല. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വളരെയേറെ സ്വാധീനമുള്ള ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് ആരെയും സ്വാധീനിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ സ്വാധീനിച്ചുഎന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഗവൺമെന്റ് അന്വേഷിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചാൽ അതുപ്രകാരം അവിടെ അന്വേഷിച്ചാൽ, യാതൊരു കുഴപ്പവും കണ്ടെത്താൻ കഴിയുകയില്ല. മാരകമായി രോഗങ്ങൾ ബാധിച്ച് മനുഷ്യർ മരിച്ചുവീഴുന്നു. പക്ഷിമൃഗാദികൾ ചത്തൊടുങ്ങുന്നു. അവിടെ മനുഷ്യന് ശ്വാസംവിടാൻ കഴിയാത്ത സ്ഥിതിയാണ്. ഇതിന് നിയന്ത്രണം വരുത്തേണ്ട ഉദ്യോഗസ്ഥൻമാർ അനാസ്ഥ കാണിക്കുന്നു. അവിടത്തെ ജനങ്ങളുടെ വികാരമാണ് ഞാൻ പ്രകടപ്പിക്കുന്നത്. ജനജീവിതം അവിടെ ദുസ്സഹമായിത്തീർന്നിരിക്കുന്നു. ഇനിയെങ്കിലും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ദീനരോദനമാണിത്. ഇത് അന്വേഷിക്കാൻപോകുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ആ കമ്പനി ഫുൾസ്വിംഗിൽ ഫലപ്രദമായി പ്രവർത്തിപ്പിച്ചുകൊണ്ട് അന്വേഷിപ്പിക്കുകയും ആ മലിനവായുവിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കുകയും ചെയ്തതിനുശേഷം അതിനുവേണ്ട പ്രതിവിധി കണ്ടെത്തുന്നതുവരെ കമ്പനി അടച്ചിട്ട് മലിനീകരണവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷംമാത്രമേ അത് വീണ്ടും പ്രവർത്തിപ്പിക്കാവൂ. ഒരു കോടി രൂപയുടെ മുതൽമുടക്ക് അവിടെ മലിനീകരണനിവാരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കണമെന്ന് കളക്ടർ നിർദ്ദേശിച്ച ഒരു വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചിട്ടും, ഒരു രൂപപോലും മുതൽമുടക്കാൻ അവിടത്തെ മാനേജുമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് ആശ്വാസം നൽകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാർബൺ ആൻഡ് കെമിക്കൽസ് ഫാക്ടറിയുടെ സ്ഥിതിയെക്കുറിച്ച് ഞാനും നേരിട്ട് കണ്ടിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴേതന്നെ ആ വകുപ്പുകൈകാര്യംചെയ്യുന്ന അധികൃതരെ അന്നുതന്നെ അറിയിച്ചിരുന്നു. ഇന്നിപ്പോഴും അത് ഞാൻതന്നെ കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷം മലിനീകരണ നിവാരണബോർഡിന് നിർദ്ദേശം കൊടുത്തതനുസരിച്ച് ആ ബോർഡ് രണ്ട് വിദഗ്ദ്ധരെ നിയമിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അവിടെനിന്നും പുറത്തുപോകുന്ന വസ്തു അത് പരിധിവിട്ട് പോകുന്നുവെന്നുള്ളത് മുൻനിർത്തി ഉല്പാദനത്തിൽ കുറവ് വരുത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്. അതോടൊപ്പംതന്നെ ഇതിന് ആവശ്യമായ എക്വിപ്മെന്റ് വാങ്ങിച്ച് അതുസംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അത് ശരിയായനിലയിൽ പ്രവർത്തിക്കുന്നില്ലായെങ്കിൽ, കൊടുത്തിട്ടുള്ള നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് അന്വേഷിച്ച്, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) പാലക്കാടു് ജില്ലയിലെ വരൾച്ച ബാധ

ശ്രീ. സി. ടി. കൃഷ്ണൻ: സർ, തുലാവർഷം കുറവായതുകൊണ്ട് പാലക്കാട് ജില്ലയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. വരൾച്ച ബാധിച്ചതുമൂലം നെല്ല്, കപ്പ, ഇഞ്ചി, വാഴ, തെങ്ങ്, തുടങ്ങിയവ എല്ലാം നശിച്ചുപോയിരിക്കുകയാണ്. ആയിരക്കണക്കിന് ഏക്കറിൽ രണ്ടാംവിള ഇറക്കിയിട്ടില്ല. ഇറക്കിയവിളതന്നെ കൊയ്തിട്ടില്ല. മംഗലം, തലമ്പുഴ, പാത്തുണ്ണി തുടങ്ങിയ ജലാശയങ്ങളിലെ വെള്ളം വിടുന്ന ക്രമീകരണങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly